**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 65** **26/09/2016 ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. ഇ. കെ. വിജയൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് തുക അനുവദിക്കുന്നത് ഏതൊക്കെ മാനദണ്ഡങ്ങൾക്ക് അനുസൃതമായാണെന്ന് വിശദീകരിക്കാമോ;

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായമായി ജില്ലാ കളക്ടർമാർ 10,000/- രൂപ വരെയും, റവന്യൂ വകുപ്പു മന്ത്രി 25,000/- രൂപ വരെയും, മുഖ്യമന്ത്രി 3,00,000/- രൂപ വരെയും അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി മൂന്നു ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

ചികിത്സാ സഹായം, അപകടമരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പ്രധാനമായും ധനസഹായം അനുവദിക്കുന്നത്.

അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.

ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളു.

ക്യാൻസർ, ന്യൂറോ, കിഡ്നി സംബന്ധമായ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

ക്യാൻസർ, വൃക്കരോഗം, ഹൃദയരോഗം, ന്യൂറോ സംബന്ധമായ രോഗം, ഹീമോഫീലിയ, എയ്ഡ്സ് എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000/- രൂപവരെ അനുവദിക്കുന്നു.

അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർ, മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.

തീപിടുത്തം മൂലം വാസഗൃഹങ്ങൾക്കും, ചെറുകിട വ്യാപാരസ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന

നാശനഷ്ടങ്ങൾക്കും 10,000/- രൂപ വരെ അനുവദിക്കുന്നു.

വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് തുക അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞു കൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഫണ്ട് അനുവദിച്ചതിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയത്;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

(സി) (ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഫണ്ട് അനുവദിച്ചതിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ